(സി) പ്രസ്തുത പരിശോധനയിൽ 5 കേസ്സുകൾ കണ്ടെത്തുകയും 64,000 രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തു.

(ഡി) ഉണ്ട്.

കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

165 (5250) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളിക്ഷേമനിധി ബോർഡിന് 2006-07 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും അംഗത്വ അംശദായത്തിൽ ലഭ്യമായ തുക എത്ര ; വ്യക്തമാക്കാമോ ;

(ബി) 2005-06 മുതൽ 2014-15 വരെയുള്ള ഓരോ സാമ്പത്തികവർഷവും സർക്കാർ ഗ്രാന്റായും വായ്പയായും ഓഹരിയായും ക്ഷേമനിധി ബോർഡിന് എത്രതുക വീതം നൽകി വിശദമാക്കുമോ ;

(സി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കയർ തൊഴിലാളിക്ഷേമനിധി ബോർഡിന് 2006-07 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ അംഗത്വ അംശദായത്തിൽ ലഭ്യമായ തുക ചുവടെ ചേർക്കുന്നു :

2006-07	78,85,691
2007-08	80,69,284
2008-09	80,16,149
2009-10	1,21,62,089
2010-11	90,93,207-
2011-12	1,07,73,376
2012-13	1,19,12,231
2013-14	82,18,336
2014-15	83,03,782

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2005-06 മുതൽ 2014-15 വരെ സർക്കാർ ഗ്രാന്റായി നൽകിയ തുക ചുവടെ ചേർക്കുന്നു :

വർഷം	ക്ഷേമനിധി ബോർഡിന് നൽകിയ ഗ്രാന്റ് (തുക ലക്ഷത്തിൽ)
2005-06	716.19
2006-07	935.56
2007-08	1565.00
2008-09	1035.00
2009-10	1664.24
2010-11	3927.61
2011-12	2397.40
2012-13	3200.00
2013-14	3842.55
2014-15	5007.44

ടി സാമ്പത്തിക വർഷങ്ങളിൽ വായ്പയോ, ഓഹരിയോ ആയി ക്ഷേമനിധി ബോർഡിന് ധനസഹായം നൽകിയിട്ടില്ല.

(സി) ബോർഡിന്റെ മുഖ്യകാര്യാലയത്തിലും മറ്റ് 9 യൂണിറ്റ് ഓഫീസുകളിലും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ & ഓഫീസ് ഓട്ടോമേഷൻ നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. തൊഴിലാളികളുടെ ക്ഷേമാനുകൂല്യവിതരണം സുഗമവും സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് ബാങ്ക് അക്കൗണ്ട് സിസ്റ്റം 2014 മുതൽ ബോർഡിൽ നടപ്പിലാക്കിയിട്ടുണ്ട്.

ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും കയർ തൊഴിലാളികൾക്കുള്ള ക്ഷേമാനുകൂല്യങ്ങൾ കൃത്യസമയത്ത് കറ്റമറ്റരീതിയിൽ വിതരണം ചെയ്യുന്നതിനും ബോർഡിന്റെ ഹെഡ് ഓഫീസിലും ആലപ്പുഴ ജില്ലാ ഓഫീസിലും പഞ്ചിംഗ് മെഷീൻ നടപ്പിലാക്കി. മറ്റ് ഓഫീസുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly